**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1407** **07-02-2023 - ൽ മറുപടിയ്ക്ക്**

**കോഴ്സ് ക്യാൻസൽ ചെയ്യുന്നതിനുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹയർ സെക്കന്ററി പരീക്ഷാ മാന്വൽ പരിഷ്കരിച്ചുകൊണ്ട് സർക്കാർ ഇറക്കിയ 22.12.2022-ലെ (ആർ.റ്റി.) 8351/2022/ പൊവിവ നമ്പർ ഉത്തരവ് പ്രകാരം കോഴ്സ് ക്യാൻസൽ ചെയ്യുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ടതിന്റെ പൂർണ്ണമായ രീതി എങ്ങനെയാണെന്ന് അറിയിക്കാമോ; | (എ) | **അപേക്ഷാർത്ഥി ഹയർ സെക്കന്ററി പരീക്ഷ രജിസ്റ്റർ ചെയ്ത സ്കൂളിലെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷ, വിദ്യാർത്ഥിയുടെ കൈവശം ലഭ്യമായിട്ടുള്ള എല്ലാ ഹയർസെക്കന്ററി സർട്ടിഫിക്കറ്റുകളുടേയും ഒറിജിനൽ, 150 രൂപ 0202-01-102-97(03) Other receipts എന്ന ശീർഷകത്തിൽ സർക്കാർ ട്രഷറിയിൽ അടച്ചതിന്റെ ഒറിജിനൽ ചെല്ലാൻ രസീത്, സ്പീഡ് പോസ്റ്റ്/ രജിസ്റ്റേർഡ് പോസ്റ്റ്-ന് ആവശ്യമായ പോസ്റ്റൽ സ്റ്റാമ്പ് പതിച്ച് പൂർണ്ണമായ മേൽവിലാസം രേഖപ്പെടുത്തിയ കവർ (size 27cm x 12cm) എന്നിവ സഹിതം പരീക്ഷാ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.** |
| (ബി) | അപേക്ഷ സമർപ്പിച്ചാൽ കോഴ്സ് ക്യാൻസൽ ചെയ്യുന്നതിന് എടുക്കുന്ന കാലതാമസം അറിയിക്കാമോ; | (ബി) | **അപേക്ഷ സമർപ്പിച്ചാൽ 7 ദിവസത്തിനകം കോഴ്സ് ക്യാൻസൽ ചെയ്ത് നൽകുന്നതാണ്.** |
| (സി) | പ്രസ്തുത ഉത്തരവ് പ്രകാരം കോഴ്സ് ക്യാൻസൽ ചെയ്യുന്നവർക്ക് മറ്റ് കോഴ്സ് ചെയ്യുന്നതിന് പരീക്ഷ ഫീസ് അടയ്ക്കുന്നതിന് സമയം നൽകുമോ; അറിയിക്കാമോ? | (സി) | മറ്റ് കോഴ്സ് ചെയ്യുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കി ആവശ്യമെങ്കിൽ ആയതിനുള്ള ഉത്തരവ് ലഭ്യമാക്കുന്ന പക്ഷം പരീക്ഷാ ഫീസ് ഒടുക്കുന്നതിനുള്ള അവസരം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ